# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *4 — 10-12-2012-ൽ മറുപടിയ്ക്ക്

## റോഡ് സുരക്ഷാ നിയമങ്ങൾ

**ചോദ്യം**

ശ്രീ. കെ.എം. ഷാജി :
ശ്രീ. പി.കെ. ബഷീർ :
ശ്രീ. പി.ബി. അബ്ദുൾ റസാക് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

(എ) റോഡ് സുരക്ഷാ നിയമങ്ങളും, മോട്ടോർ വാഹന നിയമങ്ങളും പാലിക്കാത്തവർക്കെതിരെയുള്ള നിയമ നടപടികൾ കർശനമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) റോഡ് സുരക്ഷാ നിയമങ്ങളും, മോട്ടോർ വാഹന നിയമങ്ങളും പാലിക്കാത്തവർക്കെതിരെ കർശനമായ നിയമ നടപടികളാണ് സ്വീകരിച്ചു വരുന്നത്. നിലവിലുള്ള ട്രാഫിക് നിയമങ്ങളുടേയും ചട്ടങ്ങളുടേയും ഫലപ്രദമായ നടപ്പാക്കലിലൂടെയും അത്യാധുനിക ട്രാഫിക് ഉപകരണങ്ങൾ, ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ സഹായ സഹകരണത്തോടെയും ട്രാഫിക് നിയമ ലംഘകർക്കെതിരെ ശക്തമായ നിയമ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(ബി) എങ്കിൽ ഏതൊക്കെ തരത്തിലുള്ള നിയമ ലംഘനങ്ങൾക്കെതിരെയാണ് നടപടികൾ ശക്തമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മോട്ടോർ വാഹന നിയമത്തിൽ പ്രതിപാദിക്കുന്ന എല്ലാ ട്രാഫിക് നിയമ ലംഘനങ്ങൾക്കുമെതിരെയും ശക്തമായ നടപടികളാണ് പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സ്വീകരിച്ചു വരുന്നത്. എന്നിരുന്നാലും, മദ്യപിച്ചുള്ള ഡ്രൈവിംഗ്, അമിത വേഗത, ഗ്ലാസ്സുകൾ മറയ്ക്കൽ, ലൈസൻസില്ലാതെയുള്ള ഡ്രൈവിംഗ്, മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടുള്ള ഡ്രൈവിംഗ് എന്നീ ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(സി) മദ്യപിച്ചുള്ള ഡ്രൈവിംഗ്, അമിത വേഗത, ഗ്ലാസ്സുകൾ മറയ്ക്കൽ, ലൈസൻസില്ലാതെയുള്ള ഡ്രൈവിംഗ്, മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടുള്ള ഡ്രൈവിംഗ് എന്നീ നിയമ ലംഘനങ്ങൾക്ക് കർശനശിക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(സി) മദ്യപിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരെ അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കണ്ടെത്തുന്നതിനും, അവരെ വൈദ്യ പരിശോധന നടത്തി ലൈസൻസ് റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ അമിതവേഗത നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സ്പീഡ് ഡിറ്റക്ഷൻ ക്യാമറ, ഇന്റർസെപ്ടർ വെഹിക്കിൾ, സ്പീഡ് റഡാർ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തി വരുന്നു. കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ സൈൻബോർഡുകൾ സ്ഥാപിക്കുകയും പൊതുമരാമത്ത് വകുപ്പ്,

മോട്ടാർ വാഹന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മോട്ടോർ വാഹന നിയമത്തിൽ പ്രതിപാദിക്കുന്നതുപോലെ വാഹനത്തിന്റെ മുൻപിലും വശങ്ങളിലുമുള്ള ഗ്ലാസുകളിൽ കറുത്ത ഫിലിമോ മറ്റെന്തെങ്കിലുമോ ഒട്ടിക്കുന്നത് നിരോധിച്ചു കൊണ്ടുള്ള ബഹു. സുപ്രീം കോടതി വിധി നടപ്പാക്കുന്നതിലേക്ക് ബന്ധപ്പെട്ട പോലീസ് അധികാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ലൈസൻസില്ലാതെയും മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുമുള്ള ഡ്രൈവിംഗ് കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി കർശനമായ വാഹന പരിശോധനയും നിരീക്ഷണ ക്യാമറകളുടെ സഹായവും ഉപയോഗപ്പെടുത്തി വരുന്നു.

സെക്ഷൻ ഓഫീസർ